എൽ. ആർ. ജി. 6.05 / 10931 / 9

കളക്ടറേറ്റ്, പാലക്കാട്.
തിയ്യതി : 19.08.2006

# പാലക്കാട് കളക്ടറേറ്റിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്ന നോട്ടീസ്

വിവിധ കാരണങ്ങളാൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ ഉണ്ടാവുന്ന മാറ്റങ്ങൾ യഥാസമയം വില്ലേജ് രേഖകളിൽ മാറ്റം വരുത്താത്തതു മൂലം, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും മറ്റും റവന്യൂ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്നും, പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്നും ഒഴിവാക്കാനാവാത്ത കാലതാമസം ഉണ്ടാവുന്നുണ്ട്.

ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി ഉടമസ്ഥാവകാശം പോക്കുവരവ് അഥവാ ജമ മാറ്റം സമയബന്ധിതമായി നടത്തി, ഇപ്പോഴത്തെ ഭൂവുടമയുടെ പേരുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി വില്ലേജ് രേഖകൾ കാലാനുസൃതമാക്കാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ആയതിനാൽ ഭൂവുടമകൾ, പോക്കുവരവ് / ജമ മാറ്റം നടത്തുന്നതിനുള്ള അപേക്ഷകൾ ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം 30.09.2006 നു മുമ്പ് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

റീസർവ്വെ പ്രകാരമുള്ള റിക്കാർഡുകൾ കൈകാര്യം ചെയ്യുന്ന വില്ലേജുകളിൽ വെള്ളക്കടലാസിൽ ഉള്ള അപേക്ഷയും പഴയ സർവ്വെ റിക്കാർഡുകൾ കൈകാര്യം ചെയ്യുന്ന വില്ലേജുകളിൽ വില്ലേജ് ഓഫീസ്, ബന്ധപ്പെട്ട റവന്യൂ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിലുള്ള അപേക്ഷാ ഫാറത്തിലും അപേക്ഷകൾ നൽകേണ്ടതാണ്. അപേക്ഷകളിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതും, 10 രൂപ പോക്കുവരവ് ഫീസ് നൽകി രസീതു വാങ്ങേണ്ടതുമാണ്.

01.01.2007 നു ശേഷം വില്ലേജ് രേഖകളിൽ പേർ ഉൾപ്പെടാത്തവർക്ക് ഭൂമി സംബന്ധമായ യാതൊരു സർട്ടിഫിക്കറ്റുകളും റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതല്ലെന്ന് ഇതിനാൽ അറിയിക്കുന്നു.

പൊതുജനങ്ങൾ ഇത് ഒരു ഔദ്യോഗിക അറിയിപ്പായി കണക്കാക്കി നിശ്ചിത സമയ പരിധിക്കകം ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ നൽകാതിരിക്കുന്നത് ഭൂവുടമകളെ ദോഷകരമായി ബാധിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഭൂരേഖ മാറ്റം കാലാനുസൃതമാക്കാനുള്ള സർക്കാരിന്റെ നടപടികളിൽ പൊതുജനങ്ങളുടെ പരിപൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾ എല്ലാ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ.

പാലക്കാട് ജില്ലാ സഹ. പ്രസ് - 2544306

# കൈവശ ഭൂമിയുടെ വിവരം കാണിക്കുന്ന സത്യപ്രസ്താവന

1. അപേക്ഷ സംബന്ധിച്ച വിശദ വിവരങ്ങൾ:

എ) പേര്: ബി) പിതാവിന്റെ പേര്:
സി) വീട്ടു പേര്: ഡി) വാർഡ് നം:
ഇ) വീട്ട് നം: എഫ്) ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി:
ജി) താലൂക്ക് : എച്ച്) വില്ലേജ്:
ഐ) പോസ്റ്റോഫീസ്: ജെ) പിൻകോഡ്:

2. വസ്തു സംബന്ധമായ വിവരണം:

എ) താലൂക്ക്: ബി) വില്ലേജ്: സി) ദേശം:

| പഴയ | | റീസർവ്വേ | | | വിസ്തീർണ്ണം | | | തരം | നാലതിര് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സർവ്വ നം | സ.ഡി നം | ബ്ളോക്ക് നം | സർവ്വേ നം | സ.ഡി നം | ഹെ. | ആർ. | ച.മീ | പുരയിടം/ നിലം | കിഴക്ക് | പടിഞ്ഞാറ് | തെക്ക് | വടക്ക് |
| | | | | | | | | | | | | |

(മറുപുറം)

3. ഭൂമിയിലുള്ള അവകാശത്തിന്റെ സ്വഭാവം:

| സർവ്വേ നം | സ.ഡി നം. | എ)ആധാരമെങ്കിൽ നമ്പർ, വർഷം,സ.ര ഓഫീസിന്റെ പേര്<br>ബി)പട്ടയമാണെങ്കിൽ പട്ടയ നമ്പർ, വർഷം, ഓഫീസിന്റെ പേര്<br>സി)മറ്റു വിധത്തിൽ രേഖകളില്ലാത്ത കൈവശമാണെങ്കിൽ<br>കൈവശം ലഭിച്ച രീതി, കൈവശത്തിന്റെ കാലപഴക്കം |
|---|---|---|
| | | |

## സത്യപ്രസ്താവന

മേൽ പറഞ്ഞ കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം വാസ്തവമാണെന്ന് സത്യപ്രസാതാവന ചെയ്യുന്നു.

ഭൂ ഉടമയുടെ ഒപ്പ്

## വില്ലേജ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട്

1. ദേശം:

| 2. സർവ്വേ നം (എ) | സ.ഡി നം (ബി) | വിസ്തീർണ്ണം (സി) | തരം (ഡി) | ഉപയോഗം (ഇ) |
|---|---|---|---|---|
| | | | | |

3. ത പ്പേർ നമ്പർ
4. മറ്റ് വിവരങ്ങൾ

മേൽ വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് ബോദ്ധ്യപ്പെടുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

വില്ലേജ് ഓഫീസർ
............................ വില്ലേജ്